*കേരളത്തിലെ പൊതുസംവാദ മണ്ഡലത്തിലെ പ്രധാന പ്രമേയങ്ങളാണ് സാമ്പത്തിക ഭദ്രതയും വികസനവും. അധോഗതിയിലായ സാമ്പത്തിക നില കേരളത്തിന്റെ വികസനം ഇല്ലാതാക്കിയെന്നും ഇന്ത്യയിലെ മറ്റുള്ള സംസ്ഥാനങ്ങൾ വികസനത്തിന്റെ കാര്യത്തിൽ കേരളത്തെക്കാൾ ബഹുദൂരം മുന്നിലാണെന്നുമുള്ള ആശയങ്ങൾ ജനപ്രിയ (പോപ്പുലിസം) ഭാവനകളിൽ വ്യാപകമാണ്. പ്രകടമായ ഒരു വൈരുദ്ധ്യം ഈയൊരു വീക്ഷണത്തിൽ കാണാവുന്നതാണ്. കേരളത്തിലെ ഭൗതിക സമൃദ്ധി  പൊതുനിരത്തുകൾ, ഗതാഗതം, പൊതുജനാരോഗ്യം, പാർപ്പിടം, പൊതു വിദ്യാഭ്യാസം, കമ്മ്യൂണിക്കേഷൻസ് സംവിധാനം  ഇങ്ങനെയുള്ള ഏതു മേഖലയെടുത്താലും ഇന്ത്യയിലെ മറ്റുള്ള സംസ്ഥാനങ്ങളെക്കാൾ ഒരു പടി മുന്നിൽ ആണെന്നല്ലാതെ കേരളം മോശമാണെന്നു പറയാനാവില്ല. എന്നാലും കേരളത്തിന്റെ വികസനമില്ലായ്മയെ പറ്റിയുള്ള പരിദേവനങ്ങൾ സാമ്പത്തിക മേഖലയെക്കുറിച്ചുള്ള സംവാദങ്ങളുടെ പ്രധാന പ്രമേയമാവുന്നതിനുള്ള കാരണങ്ങൾ എന്താണ്? വികസനം എന്താണെന്നു മനസ്സിലാക്കുന്നതിലുള്ള പാകപ്പിഴകളാണോ ഈയൊരു പൊതുധാരണയുടെ അടിസ്ഥാനം? വികസനം എന്തായിരിക്കണമെന്നതിനെ പറ്റിയുള്ള വീക്ഷണങ്ങൾ കൂടുതൽ വ്യക്തത കൈവരിക്കേണ്ടതിന്റെ ആവശ്യകതയാണോ ഇതിൽ തെളിയുന്നത്? കേരളത്തിൽ വ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന ചില സവിശേഷ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ സാമ്പത്തിക ഭദ്രതയും വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേരളം നേരിടുന്ന സമസ്യകളുടെ ഒരു സംക്ഷിപ്ത ചിത്രം ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ഈ ചർച്ച വിഭാവന ചെയ്തിട്ടുള്ളത്.*

**-എഡിറ്റർ**



**ഡോ. കെ കെ ജോർജ്**

ഫെഡറൽ തത്ത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളെക്കുറിച്ചുള്ള മൗലിക പഠനങ്ങളിൽ ശ്രദ്ധേയമായ സാന്നിധ്യമാണ് ഡോ. കെ കെ ജോർജ്. കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ തലവനായിരുന്ന ഡോ. ജോർജ് കൊച്ചി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സെന്റർ ഫോർ സോഷ്യൽ ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസിന്റെ ചെയർമാനാണ്. കേരള മാതൃകയുടെ പരിമിതികളെ കുറിച്ചുള്ള ലിമിറ്റ്സ് ടു കേരള മോഡൽ  ഓഫ് ഡെവലപ്മെന്റ് കേരളത്തിന്റെ സാമ്പത്തിക മേഖലയെ പറ്റിയുള്ള പഠനത്തിൽ വഴിത്തിരിവായ കൃതിയാണ്.

# നികുതി വരുമാനവും കേന്ദ്ര ഇടപെടലും

ചോദ്യം: *സ്വതന്ത്ര ഇന്ത്യയുടെ സാമ്പത്തിക ചരിത്രത്തിലെ ഒരു പ്രധാന പ്രവണതയാണ് നികുതി വരുമാനത്തിന്റെ കേന്ദ്രീകരണം. ചരക്ക്-സേവന നികുതി അഥവാ ജിഎസ്ടിയുടെ വരവോടെ നികുതി വരുമാനത്തിന്റെ നിയന്ത്രണം ഏതാണ്ട് പൂർണമായും കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിലായി. കേരളത്തെ പോലുള്ള സംസ്ഥാനങ്ങളുടെ സാമ്പത്തികമേഖലയെ ഈ മാറ്റം ഏതു നിലയിലാണ് ബാധിക്കുക?*

ഉത്തരം: ഇന്ത്യയിൽ ആദ്യമായി വിൽപ്പന നികുതി ഏർപ്പെടുത്തുന്നത് പഴയ മദ്രാസ് പ്രവിശ്യയിലാണ്. 1939ലാണ് അത് നടപ്പിൽ വരുന്നത്. മദ്യനിരോധനം മൂലമുണ്ടായ വരുമാന നഷ്ടം നികത്തുന്നതിനു വേണ്ടി വിൽപ്പന നികുതി ഏർപ്പെടുത്താനുള്ള തീരുമാനം നടപ്പാക്കിയത് സി രാജഗോപാലാചാരിയുടെ സർക്കാർ ആയിരുന്നുവെന്നാണ് എന്റെ ഓർമ. വർഷത്തിൽ 20,000 രൂപയിൽ കൂടുതൽ വിറ്റു

വരവുള്ള സ്ഥാപനങ്ങൾക്ക് 0.5 ശതമാനമായിരുന്നു വിൽപ്പന നികുതി. രാജഗോപാലാചാരിയുടെ ഉപദേശകൻ ആയിരുന്ന ഡോ. പി ജെ തോമസ് ആണ് ഈ ആശയം മുന്നോട്ടുവച്ചത്. ബ്രിട്ടീഷ് ഭരണത്തിന് ശേഷമുള്ള കാലഘട്ടമെടുത്താൽ സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സായി വിൽപ്പന നികുതി മാറി. ഏതൊരു ഭരണകൂടത്തിന്റെയും ധനപരമായ സ്വാശ്രയത്വം (ഇക്കണോമിക് ആട്ടോണമി) നിർണയിക്കുന്ന പ്രധാന ഘടകമാണ് നികുതി വരുമാനം. ഇന്ത്യയിലെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും ഈ പൊതു തത്ത്വം ബാധകമാണ്. കേന്ദ്ര സർക്കാരിന്റെ കൈകടത്തലുകൾ മൂലം സംസ്ഥാനങ്ങളുടെ ധനപരമായ സ്വാശ്രയത്വം ഇല്ലാതാവുന്ന പ്രക്രിയ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. അന്തരിച്ച പ്രഫ. ഐ എസ് ഗുലാത്തിയും ഞാനും സംയുക്തമായി എഴുതിയ പ്രബന്ധങ്ങൾ Central Inroads in State Subjects: An analysis of economic services, Centre-State Resources Transfers: 1951-1984 An Appraisal (CDS Working Papers 203, 200) ഈ വിഷയം കൈകാര്യം ചെയ്യുന്നു. നികുതി വരുമാനത്തിന്റെ സിംഹഭാഗവും കേന്ദ്ര സർക്കാരിന്റെ കൈകളിലായി കേന്ദ്രീകരിക്കുന്ന ചരിത്രത്തിലെ ഏറ്റവും പുതിയ അധ്യായമാണ് ജിഎസ്ടി. മൂല്യവർധിത നികുതി അഥവാ VAT നിയമം 2005ൽ നടപ്പാക്കിയതായിരുന്നു ഈ ദിശയിലെ മറ്റൊരു നിർണായക ചുവടുമാറ്റം. ജിഎസ്ടി വന്നതോടെ സംസ്ഥാനങ്ങളുടെ തനതായ വരുമാന മാർഗങ്ങൾ ഏതാണ്ട് ഇല്ലാതായി. സംസ്ഥാന ധനമന്ത്രിമാർ ചേർന്ന ജിഎസ്ടി കൗൺസിൽ ആണ് സാങ്കേതികമായി ജിഎസ്ടി നിരക്കുകളും മറ്റും അംഗീകരിക്കുന്നതെങ്കിലും കൗൺസിലിലെ കേന്ദ്ര സർക്കാരിന്റെ ഉയർന്ന പ്രാധിനിധ്യവും ബിജെപി ഭരണത്തിലുള്ള സംസ്ഥാനങ്ങളും കൂടി ചേരുമ്പോൾ ഫലത്തിൽ കേന്ദ്രസർക്കാരിന്റെ താൽപ്പര്യങ്ങൾ നടപ്പാവുന്ന സ്ഥിതിയാണ്. സേവന മേഖല നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയെങ്കിലും വൻകിട സേവന മേഖല, വിദ്യാഭ്യാസം, ആരോഗ്യം, ചെറുകിട വ്യാപാരം എന്നിവയ്ക്ക് ജിഎസ്ടി ഇല്ല. ലോട്ടറി, മദ്യം, റിയൽ എസ്റ്റേറ്റ് മേഖലയിലെ രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള പ്രത്യേക വിൽപ്പന നികുതി എന്നിവയൊഴിച്ചാൽ തനതായ മറ്റു വരുമാന മാർഗങ്ങൾ ഒന്നും കേരളത്തിലില്ല. പാവപ്പെട്ട ജനവിഭാഗങ്ങളെയാണ് ലോട്ടറിയും മദ്യവും ഏറ്റവുമധികം ദോഷകരമായി ബാധിക്കുക. ലോട്ടറി എടുക്കുന്നവരിൽ ഭൂരിഭാഗവും പാവപ്പെട്ടവരാണ്. മദ്യപാനത്തിന്റെ കാര്യത്തിലും അതുതന്നെയാണ് സ്ഥിതി. മദ്യപാനത്തിന്റെ ഭാഗമായ രോഗാതുരതയും (Male Daily wage workers-see the long ques before the beverages outlets, even before they opens) ആരോഗ്യമേഖലയിൽ അത് വരുത്തിവയ്ക്കുന്ന ചെലവും കണക്കാക്കിയാൽ അതൊരു റിഗ്രസ്സിവ് ടാക്സ് (ഋണ നികുതി) ആണെന്നു കണക്കാക്കേണ്ടി വരും. റിയൽ എസ്റ്റേറ്റ് മേഖലയിലെ മുരടിപ്പ് സ്റ്റാമ്പ്, രജിസ്ട്രേഷൻ ഡ്യൂട്ടി ഇനത്തിൽ നിന്നുള്ള വരുമാനത്തെ കാര്യമായി ബാധിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നുള്ള പ്രത്യേക വിൽപ്പന നികുതിയാണ് (after the large share of additional excise duty which in the excise revenue which are not sharable among the states.) സംസ്ഥാനത്തിന്റെ മറ്റൊരു വരുമാനമാർഗം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ അതിന്റെ നിരക്ക് കുറയ്ക്കാൻ സംസ്ഥാന സർക്കാർ നിർബന്ധിതമാവും. പെട്രോളിയം ഉൽപ്പന്നങ്ങൾ ജിഎസ്ടിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന ആവശ്യം ഇപ്പോൾ തന്നെ ശക്തമാണ്. ചുരുക്കത്തിൽ തനതായ വരുമാനത്തിന്റെ കാര്യത്തിൽ കേരളം വളരെ ശുഷ്കമായ സാഹചര്യം നേരിടുന്നു. കേരളത്തിലെ ധനമന്ത്രി പുലിവാല് പിടിച്ച അവസ്ഥയിലാണ്.

ചോദ്യം: *പൊതു ഖജനാവിലെ വരുമാനത്തിന്റെ സുപ്രധാന ഉപകരണമെന്നതിന് പുറമെ രാഷ്ട്രീയ ദിശാബോധത്തിന്റെ അളവുകോലെന്ന നിലയിലാണ് നികുതികളുടെ പ്രസക്തിയെന്ന വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ജിഎസ്ടിയെ എങ്ങനെയാണ് വിലയിരുത്തുക?*

ഉത്തരം: രാഷ്ട്രീയമായ ദിശാബോധം നികുതി സംവിധാനത്തെ നിർണയിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നുവെന്ന കാര്യത്തിൽ സംശയമില്ല. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ പറ്റി പഠിക്കുന്നതിനായി സർക്കാരിയ (Sarkaria) കമ്മീഷൻ രൂപീകരിക്കാൻ 1980കളുടെ ആദ്യപകുതിയിൽ നിർബന്ധിതമായതിന്റെ ഒരു പ്രധാന കാരണം സാമ്പത്തിക മേഖലയിൽ പ്രകടമായ അസന്തുലിതത്വമായിരുന്നു. സംസ്ഥാനങ്ങളുടെ സാമ്പത്തികമായ അവകാശങ്ങളെ പറ്റി സർക്കാരിയ കമ്മീഷന് സമർപ്പിക്കാനുള്ള ഒരു റിപോർട്ട് തയ്യാറാക്കുന്നതിനായി അന്നത്തെ പശ്ചിമ ബംഗാൾ ധനമന്ത്രിയും സാമ്പത്തിക പണ്ഡിതനുമായ അശോക് മിത്രയുടെ (നൊബേൽ ജേതാവായ ജാൻ റ്റിംബർഗിന്റെ വിദ്യാർത്ഥിയാണദ്ദേഹം) കാർമികത്വത്തിൽ രണ്ടാഴ്ചയോളം ഞാൻ പ്രഫ. ഗുലാത്തിയോടൊപ്പം കൊൽക്കത്തയിൽ താമസിച്ചിരുന്നു. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാശ്രയത്വത്തെ പറ്റി ഞങ്ങൾ തയ്യാറാക്കിയ വിശദമായ റിപോർട്ട് സർക്കാരിയ കമ്മീഷന് സമർപ്പിച്ചിരുന്നു. സംസ്ഥാനങ്ങളുടെ സാമ്പത്തിക അവകാശങ്ങളിൽ കേന്ദ്രം കൈകടത്തുന്നതിനെ മിത്ര കഠിനമായി വിമർശിച്ചിരുന്നു.

VAT അടക്കമുള്ള നിയമങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനങ്ങൾ സുവിദിതമാണ്. ജിഎസ്ടിയുടെ കാര്യത്തിലും ശക്തമായ എതിർപ്പുകൾ അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. സംസ്ഥാനങ്ങളുടെ അവകാശങ്ങളെ പറ്റി മിത്രയുടെ വീക്ഷണങ്ങളിൽ പ്രകടമായിരുന്ന രാഷ്ട്രീയം നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ പിൻഗാമികളെന്ന് ബംഗാളിലും കേരളത്തിലും അവകാശപ്പെടുന്നവർ മനസ്സിലാക്കിയില്ലെന്നു കരുതേണ്ടി വരും. ജിഎസ്ടിയുടെ കാര്യത്തിൽ പൊതുവായ ഒരു സംവാദം രൂപപ്പെടുത്തുന്നതിനുള്ള ശ്രമം പോലും കേരളത്തിൽ ഉണ്ടായില്ലെന്നത് അതിശയകരമാണ്. സംസ്ഥാനങ്ങളുടെ സുപ്രധാന അവകാശം-നികുതി ചുമത്താനുള്ള അവകാശം-കൈയ്യൊഴിയുന്നതിനെപ്പറ്റി രാഷ്ട്രീയമായ സംവാദം ഉണ്ടായില്ല എന്നത് ഗൗരവമായ പരിശോധന ആവശ്യപ്പെടുന്നു. സാങ്കേതികമായ റവന്യൂ നടപടി മാത്രമല്ല നികുതി സംവിധാനം.

സേവനമേഖലയ്ക്കും ഉപഭോഗത്തിനും പ്രാമുഖ്യമുള്ള കേരളത്തിൽ ജിഎസ്ടി ഗണ്യമായി ഗുണം ചെയ്യുമെന്ന തെറ്റിദ്ധാരണയിലായിരുന്നു സംസ്ഥാനത്തെ മുൻ ധനമന്ത്രിയെന്നു കരുതേണ്ടിയിരിക്കുന്നു. കാർഷിക-വ്യാവസായിക മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സേവനമേഖല വളരെ മുമ്പിലാണെങ്കിലും ഗണ്യമായ നികുതി വരുമാനം സംഭാവന ചെയ്യാൻ ശേഷിയുള്ള സേവന വ്യവസായങ്ങളൊന്നും ഇവിടെയില്ല. കേരളത്തിലെ സേവന മേഖലയിൽ മുഖ്യ പങ്ക് വഹിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവയിൽ നിന്നും വലിയ തോതിൽ നികുതി വരുമാനം നേടുന്നതിനുള്ള സാധ്യത വിരളമാണ്. ഐടി പോലുള്ള മേഖലകളിൽ കേരളത്തിന്റെ പങ്ക് ഇപ്പോഴും ശുഷ്കമാണെന്നു മാത്രമല്ല ഐടി വ്യവസായം പലതരത്തിലുള്ള നികുതി ഇളവുകൾ അനുഭവിക്കുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ മദ്യം, ലോട്ടറി തുടങ്ങിയവയല്ലാതെ നികുതി ചുമത്താനുള്ള മേഖലകൾ ഇല്ലാതായതോടെ ചുരുക്കത്തിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരുങ്ങലിൽ തുടരുമെന്ന കാര്യത്തിൽ തർക്കമില്ല. വൻതോതിൽ വിൽപ്പന നടക്കുന്ന സ്വർണ വ്യാപാരത്തിന്റെ മേൽ നികുതി പിരിക്കുന്ന ബുദ്ധിമുട്ടിന്റെ പേരിൽ കോംപൗണ്ടിങ് സമ്പ്രദായം നടപ്പാക്കപ്പെടുന്നതും, വളർന്നു വരുന്ന കള്ളക്കടത്തിന്റെ കാര്യവും പരിശോധന അർഹിക്കുന്നു. സംസ്ഥാനങ്ങളുടെ സാമ്പത്തിക അവകാശങ്ങൾ ശോഷിപ്പിക്കുന്നതിൽ ജിഎസ്ടി മാത്രമല്ല കാരണം. കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുമായി വരുമാനം പങ്കു വയ്ക്കുന്നതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന ധനകാര്യ കമ്മീഷനുകളും ഇക്കാര്യത്തിൽ കുറ്റകരമായ സമീപനങ്ങൾ അവലംബിച്ചതായി കാണാനാവും. സംസ്ഥാനങ്ങളുടെ താൽപ്പര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്ന സമീപനം ഏതാണ്ട് 10-ാം ധനകാര്യ കമീഷനോടെ അവസാനിച്ചുവെന്നാണ് തോന്നുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിൽ നിന്നും പെൻഷൻ പറ്റിയ ബ്യൂറോക്രാറ്റുകൾ ധനകാര്യ കമ്മീഷൻ അദ്ധ്യക്ഷനും അംഗങ്ങളുമാവുന്ന സാഹചര്യത്തിൽ കേന്ദ്ര വിഹിതം നീതിയുക്തമായി വിതരണം ചെയ്യണമെന്ന പരിഗണനകൾ ഇല്ലാതാവുന്ന സ്ഥിതിയാണ്. സംസ്ഥാനങ്ങളെ അച്ചടക്കം പഠിപ്പിക്കുകയെന്ന മട്ടിലാണ് ധനകാര്യ കമ്മീഷനുകളുടെ പെരുമാറ്റം. ധനകാര്യ കമ്മീഷനുകളുടെ സമീപനം കേരളത്തെ ദോഷകരമായി ബാധിച്ചതിനെ പറ്റിയുള്ള പഠനങ്ങൾ ഞാൻ നടത്തിയിട്ടുണ്ട്. 1971ലെ ജനസംഖ്യയെ അടിസ്ഥാന മാനദണ്ഡമാക്കുന്നതിനെ മാറ്റിയ നടപടിയാണ് ഏറ്റവും ഒടുവിലത്തെ ഉദാഹരണം. ഈ തീരുമാനം കേരളത്തിന് വലിയ നഷ്ടമാണ് വരുത്തുക. കേരളം മാത്രമല്ല തമിഴ്നാടും ഈ തീരുമാനത്തിന്റെ തിക്തഫലം അനുഭവിക്കുന്നു. ജനസംഖ്യാ നിയന്ത്രണത്തിൽ കൈവരിച്ച നേട്ടം ഇരു സംസ്ഥാനങ്ങൾക്കും ദോഷകരമായി ബാധിക്കുന്ന സ്ഥിതിയാണ് ജനസംഖ്യ മാനദണ്ഡത്തിന്റെ വർഷം മാറ്റുന്നതിലൂടെ ഉണ്ടായിട്ടുള്ളത്. കേരളത്തിന്റെ പൊതുസംവാദ മണ്ഡലങ്ങളിൽ ഈ വിഷയങ്ങളൊന്നും തിരിച്ചറിയപ്പെടുന്നതു പോലുമില്ലെന്ന അവസ്ഥ നിരാശാജനകമാണ്.

നിലവിലുള്ള സാമ്പത്തിക പരിതഃസ്ഥിതിയിൽ കേരളത്തിൽ നിന്നുള്ള യുവതീയുവാക്കൾ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ തേടി വിദേശത്തേക്കും ഇന്ത്യയുടെ മറ്റുഭാഗങ്ങളിലേക്കും കുടിയേറുന്ന പ്രവണത തുടരും. ഒരു നൂറ്റാണ്ടിലധികമായി കേരളത്തിന്റെ സാമ്പത്തിക ഭാഗധേയത്തെ നിർണയിച്ചതിൽ കുടിയേറ്റത്തിന് വലിയ പങ്കുണ്ടെന്ന കാര്യം നാം മറക്കരുത്. പഴയ കാലത്തെ കുടിയേറ്റക്കാരെപ്പോലെ പുതിയ തലമുറയിലെ കുടിയേറ്റക്കാർ മടങ്ങി വരുമെന്നും പറയാനാവില്ല. പ്രത്യേകിച്ചും യൂറോപ്പ്, കാനഡ, അമേരിക്ക, ആസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളികൾ അവിടെ സ്ഥിരതാമസമാക്കുന്ന പ്രവണതയാണ് കാണുന്നത്. സാമ്പത്തികമായ അനിശ്ചിതത്വങ്ങൾക്കൊപ്പം കേരളം നേരിടുന്ന പ്രധാന വിഷയങ്ങളാണ് കാലാവസ്ഥയിലെ മാറ്റവും ജനസംഖ്യയിൽ വൃദ്ധരായവരുടെ എണ്ണത്തിലെ വർധനവും. സാമ്പത്തികമായി വളരെ പ്രാധാന്യം അർഹിക്കുന്ന വിഷയങ്ങളാണ് അവ രണ്ടും. നമ്മുടെ സാമ്പത്തിക ചർച്ചകളിൽ അവയുടെ അടിയന്തര പ്രാധാന്യം ഇനിയും വേണ്ടതുപോലെ തിരിച്ചറിഞ്ഞതായി തോന്നുന്നില്ല.